# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 67 | Issue No. 12 | December 2024 | Rs. 15/-






2024 നവംബർ 4-ന്
തൃക്കാക്കര തിരുഹൃദയ മൈനർ സെമിനാരിയിൽ വച്ച്
അതിരൂപതക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിച്ച നവവൈദികർ





അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
മാർ ബോസ്കോ പുത്തൂർ പിതാവിനോടും
കൂരിയ അംഗങ്ങളോടുമൊപ്പം നവവൈദികർ

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 67 Issue No. 12 December 2024 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. ക്രിസ്മസ് സന്ദേശം

7. ബൈബിൾ പാരായണമാസം
   കെ.സി.ബി.സി. സർക്കുലർ

11. കച്ചേരിക്കാര്യം
   - Transfers/Appointments

13. വാർത്തകളും വിശേഷങ്ങളും

15. നിര്യാതരായി

16. വിശ്വാസപരിശീലന കേന്ദ്രം

19. ഫാമിലി അപ്പോസ്റ്റലേറ്റ്

20. AICO

21. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

25. ബൈബിൾ അപ്പോസ്റ്റലേറ്റ്

32. നൈപുണ്യ ഇന്റർനാഷണൽ

34. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Vattakattussery Valia Joseph, Kavil | 1893 | | 3-12-1933 |
| Fr. Palatty Hormis, Karukutty | 1883 | 1910 | 3-12-1967 |
| Fr. Kariyil John, Chalil | 1906 | 1934 | 4-12-1984 |
| Fr. Thaliath Carlos TOCD, Puthenpally | 1852 | 1877 | 6-12-1907 |
| Fr. Vattakattussery Joseph, Kavil | 1892 | 1922 | 6-12-1972 |
| Fr. Manavalan Joseph, Kadamakudy | 1907 | 1939 | 8-12-1997 |
| Mar Louis Pazheparambil, Pulinkunnu | 1847 | 1870 | 9-12-1919 |
| Fr. Mattam Thomas, Kizhakkummury | 1945 | 1971 | 9-12-2007 |
| Fr. Vithayathil Joseph, Kuthiathodu | 1899 | 1929 | 11-12-1987 |
| Fr. Puthussery Mathai, Edad | 1862 | 1891 | 12-12-1939 |
| Msgr. Kandathil Joseph, Kudavechoor | 1904 | 1933 | 12-12-1991 |
| Fr. Vattoly Ittoop, Kadukutty | 1886 | 1916 | 13-12-1937 |
| Fr. Thekkanath Devassy, Aluva | 1858 | | 14-12-1929 |
| Fr. Menomparambil Jacob, Thycattussery | 1902 | 1933 | 14-12-1942 |
| Fr. Mannara George, Thycattussery | 1891 | 1929 | 15-12-1957 |
| Fr. Kanat Philip, Konthuruthy | 1899 | 1929 | 15-12-1968 |
| Fr. Thottankara Mathai, Muttom | 1896 | 1923 | 18-12-1937 |
| Fr. Panjikaren Joseph, Muttom | 1903 | 1933 | 19-12-1977 |
| Fr. Muthampuzha Paul, Udayanapuram | 1919 | 1950 | 20-12-1993 |
| Fr. Mulavarikkal Joseph, Chowara | 1917 | 1947 | 20-12-2010 |
| Fr. Chully Rockey, Ayathupady | 1950 | 1977 | 24-12-2010 |
| Fr. Kurisumkal John, Kandanad | 1887 | 1906 | 26-12-1961 |
| Fr. Kattikaran Joseph, Ernakulam | 1867 | 1895 | 29-12-1929 |
| Fr. Puthussery Joseph, Edad | 1908 | 1934 | 31-12-1947 |
| Fr. Valookaran Varghese, Edakunnu | 1940 | 1966 | 31-12-2008 |
| Fr. Jacob Vithayathil, Muringoor | 1932 | 1957 | 31-12-2018 |

ക്രിസ്മസ് സന്ദേശം

## പിറവിതിരുന്നാൾ മംഗളങ്ങൾ!!!

ഈശോയിൽ പ്രിയപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീ സഹോദരങ്ങളേ,

ഡിസംബർ 1-ാം തീയതി (ഞായർ) മുതൽ മംഗളവാർത്താ കാലം ആരംഭിക്കുകയാണല്ലോ. അന്ന് മുതൽ ഓശാനാ ഞായർ വരെ മാർ തെയദോറിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നത് ഉചിതമാണെന്ന് സീറോമലബാർ ആരാധനക്രമ പഞ്ചാംഗം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

ഈശോയുടെ തിരുപിറവിക്ക് ഒരുങ്ങുന്ന ഈ വേളയിൽ, ഡിസംബർ 1 മുതൽ 25 വരെ മാർത്തോമ്മാ ക്രിസ്ത്യാനികളായ നമ്മൾ ഇരുപത്തിയഞ്ച് നോമ്പ് ആചരിക്കുന്നു. സുറിയാനി ഭാഷയിൽ "സുവാറ" എന്നാണ് മംഗളവാർത്താ കാലത്തിന്റെ പേര്. പ്രഖ്യാപനം, അറിയിപ്പ് എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. രക്ഷകന്റെ ജനനത്തെപ്പറ്റി ഗബ്രിയേൽ മാലാഖ പരിശുദ്ധ കന്യകാമറിയത്തെ അറിയിക്കുന്നതാണല്ലോ ഏറ്റവും വലിയ മംഗള വാർത്ത. പുൽത്തൊട്ടിയിൽ മാത്രമല്ല നമ്മുടെ ഹൃദയത്തിലും കുടുംബത്തിലും ഇടവകയിലും അതിരൂപതയിലും ലോകമെമ്പാടും ഈശോ ജനിക്കാനും ജീവിക്കാനും വളരാനും ഉള്ള സാഹചര്യങ്ങൾ നമുക്കൊരുക്കാം.

മംഗളവാർത്താ കാലത്തെ വിശുദ്ധ ഗ്രന്ഥവായനകൾ പ്രത്യേകിച്ച് സുവിശേഷ വായന നമുക്ക് ധ്യാനവിഷയമാക്കാം. ഒന്നാം ഞായർ സ്നാപകയോഹന്നാന്റെ ജനനത്തെപ്പറ്റിയുള്ള അറിയിപ്പും രണ്ടാം ഞായർ ഈശോയുടെ ജനനത്തെപ്പറ്റിയുള്ള അറിയിപ്പും മൂന്നാം ഞായർ സ്നാപകന്റെ ജനനവും നാലാം ഞായർ ഈശോയുടെ

ജനനവുമാണ് സുവിശേഷസന്ദേശം. അങ്ങനെ പടിപടിയായി വിശുദ്ധഗ്രന്ഥം നമ്മെ തിരുപിറവിയിലേക്ക് ഒരുക്കുന്നു.

101 വർഷങ്ങൾക്കു മുൻപ് മാർ അഗസ്റ്റിൻ കണ്ടത്തിൽ മെത്രാപ്പോലീത്ത തന്റെ ക്രിസ്മസ് സന്ദേശത്തിൽ ഇപ്രകാരം കുറിച്ചു: "നമ്മൾ ലോകമൊക്കയോടുകൂടി വളരെയാഘോഷപൂർവ്വം കൊണ്ടാടുന്ന, അടുത്തുവരുന്ന പിറവിതിരുനാളിൽ ആ കർത്താവ് അങ്ങെ ദൈവപ്രസാദത്താൽ നമ്മുടെ ഹൃദയത്തിൽ എഴുന്നെള്ളുന്നില്ലയെങ്കിൽ പുറമെയുള്ള ഈ ആഘോഷങ്ങൾകൊണ്ട് എന്തുപകാരം? ഉണ്ണി ഈശോ നിങ്ങളുടെ ഓരോരുത്തരുടേയും ആത്മാവിൽ അങ്ങെ ദൈവീക നന്മകളാൽ പിറന്ന് ജീവിക്കണം. അങ്ങെ എളിമയേയും സാധുശീലത്തേയും സ്നേഹത്തേയും നമുക്കു തന്നുകൊണ്ട് ഈശോമിശിഹാ നമ്മിൽ ജീവിക്കണം" (*എറണാകുളം മിസ്സം*, Vol. II, 1923, No. 7, Page 302).

"നിന്റെ പിറവിത്തിരുനാൾ നിനക്കു സമാനമാണ്, കർത്താവേ. കാരണം, അത് സകലജനത്തിനും സന്തോഷം പ്രധാനം ചെയ്യുന്നു" എന്നാണ് തിരുപ്പിറവിയുടെ പ്രാർത്ഥനയിൽ പൗരസ്ത്യ സുറിയാനി സഭാപിതാവായ മാർ അപ്രേം കുറിച്ചുവച്ചിരിക്കുന്നത്.

ഏവർക്കും പിറവിത്തിരുനാളിന്റെ അനുഗ്രഹങ്ങൾ ആശംസിക്കുന്നു!

സ്നേഹത്തോടെ,

**+ ബിഷപ് ബോസ്കോ പുത്തൂർ**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

28/11/2024

No. 4063/K-5/KCBC/OL/DS 08.11.2024

# ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ചതിന്റെ 2025 ജൂബിലി വർഷത്തിലേക്ക് ആഗോളസഭ പ്രവേശിക്കുന്നു. ക്രിസ്തുമസ് രാവിനെ വരവേൽക്കുവാൻ ഡിസംബർ മാസംമുഴുവൻ ബൈബിൾ പാരായണമാസമായും, ഡിസംബർ 22 "ബൈബിൾ ഞായറായും" ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാസഭയും ഒരുങ്ങുകയാണ്. കേരളസഭ മറ്റൊരു അപൂർവമായ ഒരു ജൂബിലി നേട്ടത്തിലേക്ക് പ്രവേശിക്കുന്നു. ലോകത്തിലെതന്നെ ഏറ്റവും വലിയതെന്നു കരുതപ്പെടുന്ന ലോഗോസ് ദൈവവചന ക്വിസ്സിന്റെ 25 വർഷം പൂർത്തീകരിക്കുന്നു.

വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ 5,5ൽനിന്നുള്ള "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" 'spes non confudit' എന്ന തിരുവചനമാണ് 2025 ജൂബിലി വർഷത്തിലെ തിരുവെഴുത്തിന്റെ കേന്ദ്രവിഷയമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ തെരഞ്ഞെടുത്തിരിക്കുന്നത്. ക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ചുള്ള സുനിശ്ചിതാവസ്ഥ ഏത് പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്യാമെന്നുള്ള പ്രത്യാശ നമുക്കു പകരും. ജൂബിലിയെന്നുള്ളത് നമ്മുടെ രക്ഷയുടെ 'കവാടമായ' (cf യോഹ 10,7-9) യേശുക്രിസ്തുവുമായുള്ള യഥാർഥവും വ്യക്തിപരവുമായ കണ്ടുമുട്ടലിന്റെ അവസരമാണ്. 'നമ്മുടെ പ്രത്യാശ'യായ (1 തിമോ 1,1) ക്രിസ്തുവിനെ പ്രഘോഷിക്കുകയാണ് സഭയുടെ ഉത്തരവാദിത്വം. നാളെ എന്തായിരിക്കും എന്ന അനിശ്ചിതത്വം മനസിൽ നിറയുമ്പോഴും എല്ലാം നന്മയ്ക്കായി ഭവിക്കും (റോമാ 8,28) എന്ന "പ്രത്യാശ" നമ്മെ വഴിനടത്തുന്നു. ഈ "പ്രത്യാശ"

ക്രിസ്തുവാണ്. 'നമ്മുടെ പ്രത്യാശ'യായ (1 തിമോ 1,1) യേശുക്രിസ്തുവിനെ കണ്ടെത്തുവാൻ ദൈവവചനം നമ്മെ സഹായിക്കുന്നു.

ക്രൈസ്തവജീവിതം ഈ പ്രത്യാശയെ കണ്ടെത്തുന്നതിനും അനുഭവിക്കുന്നതിനും നിലനിറുത്തുന്നതിനുമുള്ള കൂടുതൽ തീക്ഷ്ണമായ നിമിഷങ്ങൾ ആവശ്യപ്പെടുന്ന ഒരു യാത്രയാണ്. "കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ, കർത്താവിന് വേണ്ടി കാത്തിരിക്കുവിൻ" (സങ്കീ 27,14) എന്ന സങ്കീർത്തനവചനം തീർഥാടകരായ ഓരോ വിശ്വാസിക്കും പ്രതീക്ഷയുടെ വെളിച്ചമാകട്ടെ. ആരെയും നിരാശപ്പെടുത്താത്ത നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിലേക്ക് എല്ലാവരേയും കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന ദൈവവചനത്തെ ഹൃദയത്തിൽനിറച്ച് ഈ വർഷത്തെ ബൈബിൾ പാരായണമാസത്തെയും ജൂബിലി വർഷത്തെയും നമുക്ക് വരവേൽക്കാം. പ്രത്യാശ മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവിക്കായി ദൈവവചന പാരായണ മാസത്തിലൂടെ, നമുക്ക് ഒരുങ്ങാം. "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" എന്ന തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യാശയുടെ കാരണം കണ്ടെത്താൻ ദൈവവചന പാരായണത്തിലൂടെയും വചന വിചിന്തനത്തിലൂടെയും നമുക്കു പരിശ്രമിക്കാം.

**കേരള കത്തോലിക്കാസഭയും ബൈബിൾ ശുശ്രൂഷയും**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പസ്തോലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. ഈ ജൂബിലി വർഷത്തിൽ വചനനിറവിലേക്ക് കേരളസഭയെ നയിക്കുന്നതിനായി വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും സൈൻബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പി.ഒ.സി. ബൈബിൾ സമ്പൂർണ്ണമായി പരിഷ്ക്കാരം

നടത്തി പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ഇപ്പോൾ കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവിബുദ്ധി മുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾച്ചേർത്ത് വിപുലമാക്കിയിട്ടുണ്ട്. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡപാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മികചര്യ ആക്കാനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലും ഇപ്പോൾ മുന്നേറുകയാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 22-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരു ശരീരമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾ സഹായകമാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ ജൂബിലിവർഷത്തിലേക്ക് കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം. 2025ലെ 25-ാമത് ലോഗോസ് ക്വിസ് എല്ലാ രൂപതകളും ഇടവകകളും കുടുംബക്കൂട്ടായ്മകളും യുവജനങ്ങളും വേദപാഠവിദ്യാർഥികളും ഒന്നുചേർന്ന്

വിജയമാക്കണമെന്ന് താല്പര്യപ്പെടുന്നു. കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചനപഠനവേദിയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സാഹിക്കേണ്ടതാണ്.

ദൈവവചന പ്രഘോഷണപ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ പ്രവാചകരായി ഈ വരുന്ന ജൂബിലിയെ എതിരേൽക്കാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, പ്രത്യാശ നമ്മിൽ നിറയ്ക്കുന്ന മനുഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

.................................

NB: 2024 ഡിസംബർ 22-ാം തിയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

കച്ചേരിക്കാര്യം

# Transfers/Appointments of Priests

## November 2024

| | |
|---|---|
| Bharanikulangara Kurian | Thripunithura - Administrator |
| Kallookaran Paul | L.F. Hospital, Agamaly - Spiritual Director |
| Keezhthara Varghese (Alvin) | Kakkanad - Assistant |
| Kodumkandathil Antony SMP | Relieved: Koratty - Assistant |
| Koikkara Varghese (Saneesh) | Naipunnya Public School, Kochi - Asst. Executive Director, University Centre Church - Assistant, (Res: Minor Seminary, Thrikkakara) |
| Koovely Johnson | Mekkad - Vicar |
| Kozhikkadan Joseph | Relieved: Mekkad - Priest-in-charge |
| Kunnekkadan Joseph (Cyril) | Snehasusrooshalayam, Chittoor - Asst. Director |
| Kuriyedan Joseph (Lijo) | Naipunnya College, Cherthala - Asst. Executive Director (Maruthorvattom Assistant) |
| Manavalan Varghese | Chunangamvely - Vicar |
| Manickathan Varghese (Dinto) | Basilica, Ernakulam - Assistant & Asst. Manager, Mar Louis Book Centre, Ernakulam (Addl.) |
| Moonjely George | Mathanagar - Administrator |
| Nellissery George | Fort Kochi - Administrator & Social Media Apostolate - Director (Addl.) |

| | |
|---|---|
| Njanakkal Joseph (Jins) | Koratty - Assistant, Relieved: Mar Louis - Asst. Manager |
| Njaliath Tharian | Basilica, Ernakulam - Administrator |
| Odanattu Raphael (Amal) | Koratty - Assistant |
| Padayattil Peter (Sajo) | Relieved: Social Media Apostolate - Director |
| Palackal John (Cyril) | Snehasusrooshalayam, Chittoor - Asst. Director |
| Poothavelil Antony | Thiruvamkulam - Pro Vicar (Administrative Tribunal - President & Archdiocesan Safe Environment Committee - Director (Addl.)) |
| Thekkinedath Joseph (Petson) | Relieved: Social Media Apostolate - Asst. Director |
| Thejus Alexis (Alex) | Thoppil - Assistant |
| Vazhappilly Thomas (Robin) | Thripunithura - Assistant |
| Vellanjiyil Antony (Albin) | Basilica, Ernakulam - Assistant |
| Vellattuparambil Varghese (Praveen) | Neericode - Administrator |

## October 2024

| | |
|---|---|
| Pereppadan James | Relieved - Archdiocesan Administrative Tribunal - President, Archdiocesan Safe Environment Committee - Director |
| Manjaly Sebastian (Sony) | Relieved - Archdiocesan Internet Mission - Director |

*Chancellor*

## അഭിവന്ദ്യ പഴേപറമ്പിൽ പിതാവിന്റെ ചരമവാർഷികം

അഭിവന്ദ്യ മാർ ളൂയിസ് പഴേപറമ്പിൽ പിതാവിന്റെ ചരമവാർഷിക ദിനമായ ഡിസംബർ 9-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രോട്ടോസിഞ്ചെല്ലൂസ്**

---

# വാർത്തകളും വിശേഷങ്ങളും

## കർദിനാൾ മിഘേൽ ആംഹെൽ അയൂസൊ ഗിസോത്ത് കാലം ചെയ്തു

മതാന്തരസംവാദത്തിനുള്ള വിഭാഗത്തിന്റെ മേധാവി (പ്രിഫെക്ട്) കർദിനാൾ മിഘേൽ ആംഹെൽ അയൂസോ ഗിസോത്ത് കാലം ചെയ്തു. നവംബർ 25 തിങ്കളാഴ്ചയായിരുന്നു അന്ത്യം സംഭവിച്ചത്. 72 വയസ്സായിരുന്നു പ്രായം. കർദിനാൾ 2019-ലാണ് മതാന്തരസംവാദത്തിനായുള്ള വിഭാഗത്തിന്റെ മേധാവിയായി ചുമതലയേറ്റത്. മാനവരാശിക്കുള്ള സേവനത്തിൽ അർപ്പണബുദ്ധിയോടെ പ്രവർത്തിച്ച കർദിനാൾ മിഘേൽ ഇതരമതങ്ങളുമായുള്ള ബന്ധത്തെ പരിപോഷിപ്പിക്കുന്നതിന് കാതലായ സംഭാവനകൾ നൽകിയിട്ടുണ്ട്.

## സമാധാനസംസ്ഥാപനത്തിന് യുവാക്കളുടെ പങ്ക് അനിവാര്യമാണ് - ഫ്രാൻസിസ് പാപ്പ

ആഗോള സമാധാനകൗൺസിലിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങളുടെ വിവിധ മതങ്ങളിൽനിന്നുൾപ്പെടെയുള്ളവരുടെ സംഘവുമായി ഫ്രാൻസിസ് പാപ്പ കൂടിക്കാഴ്ച നടത്തി. യുവജനങ്ങളിലുള്ള ആദർശവാദവും ഉത്സാഹവും പ്രതീക്ഷയും മെച്ചപ്പെട്ട ലോകം സൃഷ്ടിക്കാൻ യുവാക്കളുടെ സാന്നിദ്ധ്യം അനിവാര്യമാണെന്ന് പാപ്പ പറഞ്ഞു. മുൻകാലവിധികളും മുറിവുകളും മറന്നുകൊണ്ട്, ക്ഷമയുടെ പാതയിൽ മുന്നേറുവാനും യുവാക്കളുടെ സർഗ്ഗശക്തിയും പാപ്പ അടിവരയിട്ടു പറഞ്ഞു. നാമെല്ലാവരും ഒരു മനുഷ്യകുടുംബത്തിന്റെ ഭാഗമാണെന്ന് എപ്പോഴും മനസ്സിൽ സൂക്ഷിക്കണമെന്നും മാർപാപ്പ പറഞ്ഞിരുന്നു.

---

**എറണാകുളം മിസ്സം 2025**

**വരിസംഖ്യ 150.00 രൂപ**

2024 ഡിസംബർ 15-നു മുമ്പായി അടച്ച്

കോപ്പികൾ ബുക്ക് ചെയ്യാവുന്നതാണ്

**www.ernakulamarchdiocese.org**



# നിര്യാതയായി



**സി. റെജി തളിയത്ത് SD**
സെന്റ് മേരീസ് പ്രൊവിൻസ്, ചുണങ്ങംവേലി
ജനനം : 02-01-1938
വ്രതവാഗ്ദാനം : 06-01-1959
മരണം : 25-11-2024



**സി. അസ്സീസി CSN**
സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം
ജനനം : 17-12-1945
വ്രതവാഗ്ദാനം : 31-05-1969
മരണം : 12-11-2024



**സി. മർസെലീന CMC**
സെന്റ് ജോസഫ്സ് കോൺവെന്റ്, തൃപ്പൂണിത്തുറ
ജനനം : 23-04-1947
വ്രതവാഗ്ദാനം : 07-04-1969
മരണം : 18-11-2024



**സി. മേരി റോസ് CMC**
വിമല ഭവൻ, തൃക്കാക്കര
ജനനം : 23-04-1945
വ്രതവാഗ്ദാനം : 04-04-1965
മരണം : 07-11-2024



**സി. ആൻഡ്രൂസ് CMC**
സെന്റ് ജോസഫ്സ് കോൺവെന്റ്, തൃപ്പൂണിത്തുറ
ജനനം : 16-08-1936
വ്രതവാഗ്ദാനം : 02-05-1959
മരണം : 27-10-2024

# വിശ്വാസപരിശീലനകേന്ദ്രം

## I. ക്രിസ് സഫാരി

കാറ്റിക്കിസം ഡിപ്പാർട്ട്മെന്റും സത്യദീപവും ചേർന്ന് കുട്ടികൾക്കായ് 25 ദിവസത്തെ ക്രിസ്മസ് ഒരുക്ക സഹായിയും (പ്രിപ്പറേറ്ററി കലണ്ടർ) വിവിധ മത്സരങ്ങളും ഒരുക്കുന്നു. 25 ദിവസത്തെ ടാസ്ക്കുകൾ പൂർത്തിയാക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 25 കുട്ടികൾക്ക് സ്പെഷ്യൽ ക്രിസ്മസ് ഗിഫ്റ്റുകളും നൽകുന്നതായിരിക്കും.

## II. കാറ്റക്കീസം അദ്ധ്യാപകർക്കായി ക്രിസ്മസ് കരോൾ ഗാനമത്സരം

ഓരോ ഇടവകയിലേയും വിശ്വാസപരിശീലകർക്കുവേണ്ടി മാത്രമുള്ള മത്സരമാണിത്. ഇടവകയിലെ സധ്യമാകുന്ന എല്ലാ വിശ്വാസപരിശീലകരും ഉൾപ്പെടുന്ന ഒരു ടീമാണ് മത്സരത്തിനായി പങ്കെടുക്കേണ്ടത്. മലയാളത്തിലോ, ഇംഗ്ലീഷ് ഭാഷയിലോ ഉള്ള ഒരു ക്രിസ്മസ് കരോൾ ഗാനമായിരിക്കണം ആലപിക്കേണ്ടത്. ഗാനദൈർഘ്യം അഞ്ച് മിനിറ്റിൽ കൂടാൻ പാടില്ല. പശ്ചാത്തല സംഗീതവും വാദ്യോപകരണങ്ങളും ഉപയോഗിക്കരുത്. കരോൾ ഗാനം വീഡിയോ രൂപത്തിൽ ചിത്രീകരിച്ച് ഒരു ഇടവകയിൽനിന്ന് ഒരു കരോൾ ഗാനം വികാരിയച്ചന്റെ അംഗീകാരത്തോടെ വിശ്വാസപരിശീലന കേന്ദ്രഓഫീസിലേക്ക് അയയ്ക്കുകയോ നേരിട്ട് എത്തിക്കുകയോ ചെയ്യാവുന്നതാണ്. വീഡിയോ എടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ: Video 5 മിനിറ്റിൽ കവിയരുത്, FullHD quality (1920 x 1080) ആയിരിക്കണം, Landscapeൽ എടുക്കണം, Sound mic ഉപയോഗിച്ച് clear ആയിരിക്കണം) നിങ്ങളുടെ വിഡിയോകൾ Google Drive വഴി അയയ്ക്കേണ്ട E-mail ID കൾ: mediacatecheticalministry@gmail.com (**OR**) domuscatekm@gmail.com അയയ്ക്കേണ്ട അവസാന തീയതി : **2024 ഡിസംബർ 23**.

## III. സന്മാർഗബോധന പൊതുപരീക്ഷ:

2025 ജനുവരി 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ Std V, VII, IX, XI വിദ്യാർത്ഥികൾക്കുള്ള പൊതു പരീക്ഷയും ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ Std IV, VI,

VIII, X, XII വിദ്യാർത്ഥികൾക്കുള്ള പൊതുപരീക്ഷയും നടത്തപ്പെടുന്നതായിരിക്കും. Std. I മുതൽ III വരെയുള്ള ക്ലാസുകളിൽ അതിരൂപതാതലത്തിൽ പൊതുപരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

നമ്മുടെ എല്ലാ സ്കൂളുകളിലും വാർഷിക പരീക്ഷയ്ക്ക് കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകളാണ് ഉപയോഗിക്കേണ്ടത്. ഓരോ ക്ലാസിനും നിർദ്ദേശിച്ചിരിക്കുന്ന പാഠപുസ്തകത്തിലെ മുഴുവൻ അദ്ധ്യായങ്ങളും പഠിപ്പിക്കേണ്ടതാണ്. പൊതുപരീക്ഷയിൽ 80%-ന് മുകളിൽ മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ഉത്തരക്കടലാസുകൾ അവരുടെ ലിസ്റ്റ് സഹിതം 2025 ജനുവരി 10-ാം തീയതിക്കു മുമ്പ് ഫൊറോനാ സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്. പ്രസ്തുത പേപ്പറുകൾ അതിരൂപതാതലത്തിൽ പുനഃപരിശോധന നടത്തി 90%-നുമേൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് അതിരൂപതാതലത്തിൽ A+ ഗ്രേഡ് അവാർഡ് നൽകുന്നതായിരിക്കും. 80%-നുമേൽ മാർക്ക് ലഭിക്കുന്നവർക്ക് A ഗ്രേഡ് സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. ചോദ്യപേപ്പറുകൾ 2025 ജനുവരി 2-ാം തീയതി ഫൊറോനാ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

IV, VII, X, XII ക്ലാസുകളിലെ കുട്ടികൾക്കായി സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ കെ.സി.ബി.സി. നടത്തുന്നതാണ്. വാർഷീക പരീക്ഷയിൽ ഓരോ സ്കൂളിൽ നിന്നും 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കുട്ടികളാണ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരാവുക. ഇവരുടെ പേരുവിവരം നിശ്ചിത ഫോമിൽ രേഖപ്പെടുത്തി 2025 ജനുവരി 10-നു മുമ്പ് ഫൊറോന സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്.

സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങളായിരിക്കും. IV, VII ക്ലാസുകളിൽ 50 ചോദ്യവും X, XII ക്ലാസുകളിൽ 60 ചോദ്യവും ഉണ്ടായിരിക്കും. 10 മാർക്കിന്റെ ചോദ്യങ്ങൾ പൊതുചോദ്യങ്ങളായിരിക്കും.

**III. 2023-2024 അദ്ധ്യയന വർഷത്തിലെ കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്**: ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ പങ്കെടുക്കുന്ന കുട്ടികൾ അസൈൻമെന്റ് സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 31.

**V. ഇടവകകളിൽ വിശ്വാസപരിശീലനത്തിന് സഹായിക്കുന്ന സെമിനാരിക്കാരുടെ സംഗമം:**

നവംബർ 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ 5.30 മണി വരെ കലൂർ റിന്യുവൽ സെന്ററിൽ നടന്നു. 96 വൈദീകവിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു.

**VI. പ്രതിഭാസംഗമം – 2024:** കാറ്റിക്കിസം ഡിപ്ലോമ രണ്ടാംവർഷ കുട്ടികൾക്കുവേണ്ടി നവംബർ 30–ാം തീയതി ശനിയാഴ്ച രാവിലെ 9.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ കലൂർ റിന്യുവൽ സെന്ററിൽ നടത്തി. 16 ഫൊറോനകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 32 കുട്ടികളാണ് ഇതിൽ പങ്കെടുത്തത്. ഇതിൽ നിന്നും തെരഞ്ഞടുക്കപ്പെടുന്ന 4 പ്രതിഭകൾ സീറോമലബാർസഭയുടെ പ്രതിഭാസംഗമത്തിൽ എറണാകുളം-അങ്കമാലി അതിരൂപതയെ പ്രതിനിധീകരിക്കുന്നു.

അതിരൂപത പ്രതിഭാസംഗമത്തിൽ പങ്കെടുക്കാൻ കുട്ടികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാരോടും മാതാപിതാക്കളോടും വിശ്വാസപരിശീലകരോടും ഫൊറോന കൗൺസിൽ അംഗങ്ങളോടും പ്രത്യേകം നന്ദിയും കടപ്പാടും അറിയിക്കുന്നു. അതത് ഇടവകയിൽ നിന്നും പ്രതിഭാസംഗമത്തിൽ പങ്കെടുത്ത കുട്ടികളെ ഇടവകതലത്തിൽ അനുമോദിക്കുമല്ലോ.

**VII. 2024 നവംബർ മാസത്തിൽ നടന്ന എലൈവ് പരിപാടികൾ:**

നവംബർ 10 ഞായർ : എലൈവ് - എറണാകുളം ഫൊറോന
നവംബർ 24 ഞായർ : എലൈവ് - മഞ്ഞപ്ര ഫൊറോന

എലൈവ് നടത്തുവാൻ എല്ലാ സൗകര്യങ്ങളും ഒരുക്കിത്തന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പള്ളി കമ്മിറ്റി അംഗങ്ങൾക്കും, ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074644
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200, E-Mail : jeevalayafamilypark@gmail.com

## 2024 ഡിസംബർ - 2025 ജനുവരി

### വിവാഹഒരുക്ക ധ്യാനം (MPR)

ഡിസംബർ 03-05 (കാലടി)
ഡിസംബർ 09-11 (കലൂർ)
ഡിസംബർ 17-19 (കാലടി)
ഡിസംബർ 20-22 (കലൂർ)
ഡിസംബർ 26-28 (കാലടി)
ഡിസംബർ 27-29 (ചേർത്തല)
ഡിസംബർ 31-02 (കാലടി)

ജനുവരി 06-08 (കലൂർ)
ജനുവരി 07-09 (കാലടി)
ജനുവരി 14-16 (കാലടി)
ജനുവരി 20-22 (കലൂർ)
ജനുവരി 28-30 (കാലടി)

NB: വിവാഹ ഒരുക്കധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (Contact: 8078334522)

ഡിസംബർ 06-08 (20 ദമ്പതികൾക്ക് മാത്രം)

### ദമ്പതീധ്യാനം (Contact: 8078334522)

ഡിസംബർ 12-15 (20 ദമ്പതികൾക്ക് മാത്രം)

### വിധവാധ്യാനം (Contact: 9400929111)

ഡിസംബർ 20-22

### സ്നേഹജ്വാല (ദാമ്പത്യപരിപോഷണ പരിശീലനം)

ഡിസംബർ 20-22 കിടങ്ങൂർ

### ദമ്പതി കോൺഫറൻസ് 2024

അതിരൂപത കുടുംബപ്രേഷിത കേന്ദ്രം എം.സി.സി. ദമ്പതി മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ, CMI കളമശ്ശേരി പ്രൊവിൻസിന്റെ സഹകര

ണത്തോടെ ദമ്പതി കോൺഫറൻസ് നടത്തുന്നു. **'വൈകാരിക സമന്വയം സൗഹൃദദാമ്പത്യത്തിന്'** എന്നതാണ് വിഷയം.

തീയതി : **2024 ഡിസംബർ 14 ശനിയാഴ്ച**

സ്ഥലം : **രാജഗിരി പബ്ളിക് സ്കൂൾ ഓഡിറ്റോറിയം, കളമശ്ശേരി**

സമയം : **രാവിലെ 09.30 മുതൽ വൈകീട്ട് 03.30 വരെ**

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

---

# AICO
## (Archdiocesan Institutions' Central Office)

---

**ബോർഡ് മീറ്റിംഗ്**

നവംബർ 12
1. സെന്റ് മൈക്കിൾസ് എഡ്യുക്കേഷണൽ ഇസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ്
2. എറണാകുളം ആർച്ച് ഡയോസിയൻ സോഷ്യൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ്

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

ഒക്ടോബർ 31
1. സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, മുരിങ്ങൂർ
2. നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, പൊങ്ങം

നവംബർ 13 ഭാരത മാതാ കോളേജ്, തൃക്കാക്കര

നവംബർ 15
1. സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി
2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി

നവംബർ 19 ലിസി ഹോസ്പിറ്റൽ, എറണാകുളം

നവംബർ 20 നിവേദിത, ചുണങ്ങംവേലി

നവംബർ 22
1. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി
2. ലൂർദ് സെന്റർ, ആലുവ

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

**സഹൃദയ ആനിമേറ്റേഴ്സ് മീറ്റിംഗ് &
സുസ്മിതം പദ്ധതിയുടെ ട്രെയിനിംഗ്**

അങ്കമാലി, കാലടി, പറവൂർ, എറണാകുളം, ചേർത്തല മേഖലാതലത്തിൽ സുസ്മിതം കാൻസർ പ്രതിരോധ- പരിസ്ഥിതി പരിപാലന പദ്ധതിയുടെ പരിശീലനം നടത്തി. ഗർഭാശയ അർബുദത്തിന് കാരണമാകുന്ന രാസ വസ്തുക്കൾ അടങ്ങിയ സാനിറ്ററി പാഡുകൾക്ക് പകരം പൂർണമായും കോട്ടണിൽ തയ്യാറാക്കിയ സാനിറ്ററി പാഡുകൾ പ്രചരിപ്പിക്കുന്നതാണ് സുസ്മിതം പദ്ധതി. പാഡുകൾ നിർമാർജനം ചെയ്യുമ്പോൾ പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്നില്ല എന്നതാണ് പ്രത്യേകത.

**ഭിന്നശേഷിക്കാരുടെ സംരംഭമായി നഴ്സറി പ്രവർത്തനമാരംഭിച്ചു**

സഹൃദയ നടപ്പാക്കി വരുന്ന ഭിന്നശേഷിക്കാരുടെ ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി അകത്തള, അലങ്കാര സസ്യങ്ങളുടെ നഴ്സറി ചമ്പന്നൂർ ഇൻഡസ്ട്രിയൽ ഏരിയയിൽ ആരംഭിച്ചു. മാനേ കാൻകോർ കമ്പനിയുടെ സഹകരണത്തോടെ ഭിന്നശേഷിക്കാരായ സംരംഭകരുടെ കൂട്ടായ്മയാണ് സഹൃദയ നഴ്സറിയുടെ പ്രവത്തന ത്തിന് നേതൃത്വം നൽകുന്നത്.

**ഹരിതകർമസേന പരിശീലനം**

എറണാകുളം ജില്ലാ കുടുംബശ്രീ മിഷന്റെ നിർദേശ പ്രകാരം വാഴക്കുളം, എടത്തല, കീരംപാറ ഗ്രാമപഞ്ചായത്തുകളിലെ ഹരിതകർമ സേനാംഗങ്ങൾക്ക് ത്രിദിന ശേഷി വികസന പരിശീലനം സംഘടിപ്പിച്ചു. ഇടുക്കി ജില്ലാ കുടുംബശ്രീ മിഷന്റെ നിർദേശ പ്രകാരം അയ്യപ്പൻ കോവിൽ, ഉപ്പുതറ. വണ്ടൻമേട് ഗ്രാമ പഞ്ചായത്തുകളിലെ ഹരിതകർമ സേനാംഗങ്ങൾക്കായി ത്രിദിന ശേഷി വികസന പരിശീലനം സംഘടിപ്പിച്ചു.

**ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം**

ഫെഡറൽ ബാങ്കുമായി സഹകരിച്ച് സഹൃദയ വെസ്കോ ക്രെഡിറ്റ് നടപ്പിലാക്കുന്ന ജെ. എൽ. ജി. - തോട്ടുവ, കൊറ്റമം, കൊരട്ടി, ചേന്ദ

മംഗലം, അശോകപുരം, ഞാറല്ലൂർ, ചെമ്പ്, കോടനാട്, തേവക്കൽ, ഇടപ്പള്ളി, സെബിപുരം, സൗത്ത് പറവൂർ, സൗത്ത് വാഴക്കുളം, യൂണിവേഴ്സിറ്റി, പുല്ലുവഴി, ഓൾഡ് കുത്തിയതോട്, നായരമ്പലം, ചെറായി, അയിരൂർ, പൊതിയക്കര, നോർത്ത് കിടങ്ങൂർ, കൊങ്ങോർപ്പിള്ളി, കെടാമംഗലം, മഞ്ഞപ്ര, താന്നിപ്പുഴ, നീലീശ്വരം, പുഷ്പഗിരി, പള്ളുരുത്തി, മേക്കാട്, ചുണങ്ങംവേലി, കൂടാലപ്പാട്, കുറുമശ്ശേരി, മുന്നൂർപ്പിള്ളി, ചെങ്ങമനാട്, ജോസ്പുരം, വിമലഗിരി, അന്നനാട്, വളപ്പ്, അമ്പലമേട്, കറുകുറ്റി കോക്കുന്ന് എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

## ദ്വിദിന ശില്പശാല സംഘടിപ്പിച്ചു

ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ പരിപാടിയുടെ ഭാഗമായി രണ്ടു ദിവസത്തെ ശില്പശാല പൊന്നുരുന്നി സഹൃദയ പാറേക്കാട്ടിൽ മെമ്മോറിയൽ ഹാളിൽ സംഘടിപ്പിച്ചു. പരിശീലന പരിപാടിയിൽ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിച്ചു.

## സൗജന്യ മെഡിക്കൽ ക്യാമ്പ് & മരുന്നുവിതരണം

ഇടപ്പള്ളി എം. എ. ജെ. ആശുപത്രിയുടെ സഹകരണത്തോടെ സഹൃദയ, കോക്കുന്നിൽ സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവു സംഘടിപ്പിച്ചു. 10 അംഗ മെഡിക്കൽ ടീം ആണ് രോഗികളെ പരിശോധിച്ച് മരുന്നുകൾ വിതരണം ചെയ്തത്. 48 പേർക്ക് ക്യാമ്പിൽ സേവനം നൽകി.

## സഹൃദയ വെസ്കോ ക്രെഡിറ്റ് – ക്രെഡിറ്റ് ക്യാമ്പുകൾ

വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി നടുവട്ടം വില്ലേജിലെ 6 സ്വയം സഹായസംഘ അംഗങ്ങൾക്കായി 1,80,000/രൂപയും സൗത്ത് വെള്ളാരപ്പിള്ളി, പൊതിയക്കര വില്ലേജുകളിലെ 7 അംഗങ്ങൾക്കായി 4,10,000/ രൂപയും ദേവഗിരി വില്ലേജിലെ 6 അംഗങ്ങൾക്കായി 3,50,000/ രൂപയും കുറുമശ്ശേരി വില്ലേജിലെ 11 അംഗങ്ങൾക്കായി 3,30,000/രൂപയും മുട്ടം വില്ലേജിലെ 10 അംഗങ്ങൾക്കായി 4,20,000/ രൂപയും നടുവട്ടം വില്ലേജിലെ 3 അംഗങ്ങൾക്കായി 2,25000/ രൂപയും നായത്തോട്,മേക്കാട് ജോസ്പുരം എന്നീ വില്ലേജുകളിലെ 19 അംഗങ്ങൾക്കായി 12,40,000/ രൂപയും താബോർ വില്ലേജിലെ 9 അംഗങ്ങൾക്കായി 6,25,000/ രൂപയും അയിരൂർ വില്ലേജിലെ 10

അംഗങ്ങൾക്കായി 4,20,000 /രൂപയും കാതികുടം, വെസ്റ്റ് കൊരട്ടി എന്നീ വില്ലേജിലെ 18 അംഗങ്ങൾക്ക് 8,70,000/ രൂപയും വായ്പ നൽകി.

**വിമൻ എംപവർമെന്റ് ക്ലാസ്സ്**
ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന വിമൻ എംപവർമെന്റ് പദ്ധതിയുടെ ഭാഗമായി 'സ്ത്രീ ശാക്തീകരണവും, ബിസിനസ് ഡെവലപ്പ്മെന്റും' എന്ന വിഷയത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് പുഷ്പഗിരി, സൗത്ത് ചമ്പന്നൂർ, കണ്ടനാട് എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

**സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം**
പുഷ്പഗിരി, മള്ളുശ്ശേരി, പുതിയകാവ്, കണ്ടനാട്, ഉദയംപേരൂർ, കോടുശ്ശേരി ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സംഘടിപ്പിച്ചു.

**സുസ്മിതം ക്യാൻസർ പ്രതിരോധ - പരിസ്ഥിതി പരിപാലന പദ്ധതിയുടെ പരിശീലനം**
കെയർ ആൻഡ് സേഫ് പ്രോജക്റ്റുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന സുസ്മിതം ക്യാൻസർ പ്രതിരോധ പരിസ്ഥിതി പരിപാലന പദ്ധതിയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ്, പ്രമോട്ടർമാർക്കായി പൊന്നുരുന്നി, അങ്കമാലി, ചേർത്തല, കാർഡിനൽ നഗർ, വെസ്റ്റ് കൊരട്ടി, പുതിയകാവ്, കണ്ടനാട്, ഉദയംപേരൂർ, കോടുശ്ശേരി, കാതിക്കുടം, കാടുകുറ്റി, നായത്തോട്, താബോർ, പാലാരിവട്ടം, പുഷ്പഗിരി, സൗത്ത് ചമ്പന്നൂർ, മള്ളുശ്ശേരി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

**വിദ്യാദർശൻ വ്യക്തിത്വ വികസന പരിശീലനം**
സഹൃദയ, വൈക്കം ചേർത്തല മേഖലകളിലെ ഏഴ്, എട്ട് ക്ലാസുകളിൽ പഠിക്കുന്ന നിർധന കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പുരോഗതിക്കായി നടപ്പാക്കുന്ന വിദ്യാദർശൻ പദ്ധതിയുടെ ഭാഗമായി ഏകദിന പരിശീലനം സംഘടിപ്പിച്ചു.

**തയ്യൽ പരിശീലനവും സർട്ടിഫിക്കറ്റ് വിതരണവും**
ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫറൻസുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി പൊന്നുരുന്നിയിൽ നടത്തിയ അഞ്ച് ദിവസത്തെ അഡ്വാൻസ്ഡ് സ്കിൽ

ട്രെയിനിങ് തയ്യൽ പരിശീലനത്തിൽ പങ്കെടുത്ത 24 പേർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**സഹൃദയ ഫെസ്റ്റ്**

സഹൃദയയുടെ വജ്രജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് ചേർത്തല മുട്ടം സെന്റ് മേരീസ് ഫൊറോനാ പള്ളിയുമായി സഹകരിച്ച് രണ്ടു ദിവസത്തെ പ്രദർശന വിപണന മേള സംഘടിപ്പിച്ചു.

**സംഘം രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ സെബിപുരം, അന്നനാട് പൂണിത്തുറ, കോടനാട്, എടക്കുന്ന്, വെണ്ണല എന്നീ വില്ലേജുകളിലായി പുതിയ സംഘങ്ങൾ രൂപീകരിച്ചു.

**സന്ദർശനം**

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് നബാർഡിന്റെ സഹകരണത്തോടെ സഹൃദയ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ ചർച്ചകൾക്കും വിലയിരുത്തലിനുമായി നബാർഡ് ചീഫ് ജനറൽ മാനേജർ സഹൃദയ ഓഫീസ് സന്ദർശിച്ചു

**ജെ.എൽ.ജികൾക്ക് വായ്പ**

സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന ജെ. എൽ. ജി. (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ) 91 സംഘങ്ങളിലെ 434 അംഗങ്ങൾക്കായി 2024 നവംബർ മാസത്തിൽ സ്വയംതൊഴിൽ വിപുലീകരണത്തിനായി 2,20,75000/ രൂപ ലോൺ നൽകി.

**ഫുഡ് ക്രാഫ്റ്റ് ട്രെയിനിങ് പ്രോഗ്രാം**

സഹൃദയ ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫെറൻസുമായി സഹകരിച്ച് നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി അഞ്ച് ദിവസത്തെ അഡ്വാൻസ്ഡ് സ്കിൽ ട്രെയിനിങ്- ഫുഡ് ക്രാഫ്റ്റ് പരിശീലനം പൊന്നുരുന്നി സഹൃദയ ജോസഫ് പാറേക്കാട്ടിൽ മെമ്മോറിയൽ ഹാളിൽ സംഘടിപ്പിച്ചു. 26 പേർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**

**ഡയറക്ടർ**

## ഡിപ്പാർട്ട്മെന്റ് ഓഫ് ബൈബിൾ അപ്പോസ്റ്റലേറ്റ്

### ലോഗോസ് ക്വിസ് 2024

**ഫൈനൽ മത്സരത്തിന്**
**നമ്മുടെ അതിരൂപതയിൽനിന്നും യോഗ്യത നേടിയവർ**



**2024 ലോഗോസ് പരീക്ഷയ്ക്ക് അതിരൂപത സ്പെഷ്യൽ സമ്മാനത്തിന് അർഹരായവർ:**

ലോഗോസ്ക്വിസ് 2024 ഫൈനൽ മത്സരത്തിന് യോഗ്യത നേടിയവർ

1. Angel LitoThevakal (A Group)
2. Alna Rose Thuruthipuram(B Group)
3. Ann TojoThrikkakara(B Group)
4. Dany George Alangad(C Group)
5. Lisy Jose Mambra (F Group)

വീടുകളുടെ എണ്ണത്തിന് ആനുപാതികമായിഅംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ

1. St. Antony's Edakunn
2. St. George Puthenpally
3. St. Francis Assisi Athani
4. St. Mary's NADPuram
5. St. Sebastian Ambunad
6. St. Sebastian Kurupam
7. Divine Nagar Koratty

വീടുകളുടെ എണ്ണത്തിന്റെകാറ്റഗറി അനുസരിച്ച് സമ്മാനാർഹരായവർ
250-ൽ താഴെവീടുകൾഉള്ളവർ

1. Little Flower Kaprasery
2. Little Flower Manapuram
3. St Mary's Edanad

251 നും 500 നും ഇടയിൽ

1. St. Joseph Karayamparamb
2. FathimaMathaPushapagiri
3. St Mary's Vallakam

501 നും 750 നും ഇടയിൽ

1. St Thomas Pulluvazhy
2. GervasisPrathasisAkaparamb
3. St. Augustine Pazhaganad

751 നും 1000 നും ഇടയിൽ

1. St. George Puthenpally
2. St. Antony’s Edakkunnu
3. St. Sebastian Ashokapuram

1001 നും 1500 നും ഇടയിൽ

1. St. Mary’sMuttam
2. Infant Jesus Kidangoor
3. St. Francis Xavier Karukutty

1500 ന് മുകളിൽ

1. St George Basilica Angamaly
2. St Mary’s Forane Church Koratty
3. St Mary’s Forane Church Kanjoor

കെ.സി.ബി. സാഹിത്യരചനാ മത്സരവിജയികൾ 2024

| | |
|---|---|
| കവിത | : Sr. Hidha CMC (2nd) |
| ഏകാങ്കം | : Sabhu Thomas(1st) |
| ലേഖനം (അൽമായർ) | : Jaisy Jospeh (1st) |

# ബൈബിൾ മാസാചരണം

ഡിസംബർ മാസം കേരള കത്തോലിക്ക സഭ ബൈബിൾ പാരായണ മാസമായി ആചരിക്കുന്നു. ഓരോ ദിവസത്തേയ്ക്കുമുള്ള വചനഭാഗങ്ങൾ താഴെ ക്രമപ്പെടുത്തിട്ടുണ്ട്. 31 ദിവസവും തുടർച്ചയായി ബൈബിൾ പാരായണം നടത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ അനുയോജ്യമായ ഒരു ദിവസം തിരഞ്ഞെടുത്ത് പൂർണദിന ബൈബിൾ പാരായണം നടത്താവുന്നതാണ്.

(കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയത്)

| | |
|---|---|
| 01 | ഉത്പ 1-38 |
| 02 | ഉത്പ 39-50<br>പുറ 1-27 |
| 03 | പുറ 28-40<br>ലേവ്യ 1-23 |
| 04 | ലേവ്യ 24-27<br>സംഖ്യ 1-28 |
| 05 | സംഖ്യ 29-36<br>നിയ1-31 |
| 06 | നിയ32-34<br>ജോഷ്വ 1-24<br>ന്യായാ 1-13 |
| 07 | ന്യായാ 14-21<br>റൂത്ത് 1-4<br>1 സാമു 1-31<br>2 സാമു 1-6 |
| 08 | 2 സാമു 7-24<br>1 രാജാ 1-17 |
| 09 | 1 രാജാ 18-22<br>2 രാജാ 1-25<br>1 ദിന 1-6 |
| 10 | 1 ദിന 7-29<br>2 ദിന 1-19 |
| 11 | 2 ദിന 20-36<br>എസ്രാ 1-10<br>നെഹെ 1-13<br>തോബി 1-3 |
| 12 | തോബി 4-14<br>യൂദി 1-16<br>എസ്തേ 1-16<br>1 മക്ക 1-5 |
| 13 | 1 മക്ക 6-16<br>2 മക്ക 1-15 |
| 14 | ജോബ് 1-42 |
| 15 | സങ്കീ 1-76 |
| 16 | സങ്കീ 77-134 |
| 17 | സങ്കീ 135-150<br>സുഭാ 1-31<br>സഭാ 1-3 |
| 18 | സഭാ 4-12<br>ഉത്ത 1-8<br>ജ്ഞാനം 1-19<br>പ്രഭാ 1-17 |

19 പ്രഭാ 18-51
ഏശ 1-8

20 ഏശ 9-66

21 ജറെ 1-47

22 ജറെ 48-52
വിലാ 1-5
ബാറൂ 1-6
എസെ 1-22
ബാറൂ 1-6
എസെ 1-22

23 എസെ 23-48
ദാനി 1-14

24 ഹോസി 1-14
ജോയേ 1-3
ആമോ 1-9
ഒബാ 1
യോനാ 1-4
മിക്കാ 1-7
നാഹും 1-3
ഹബ 1-3
സെഫാ 1-3
ഹഗ്ഗാ 1-2
സഖ 1-14
മല 1-4

26 മത്താ 1-28
മർക്കോ 1-7

27 മർക്കോ 8-16
ലൂക്കാ 1-24

28 യോഹ 1-21
അപ്പ 1-13

29 അപ്പ 14-28
റോമാ 1-16
1 കോറി 1-16

30 2 കോറി 1-13
ഗലാ 1-6
എഫേ 1-6
ഫിലി 1-4
കൊളോ 1-4
1 തെസ്സ 1-5
2 തെസ്സ 1-3
1 തിമോ 1-6
2 തിമോ 1-4
തീത്തോ 1-3
ഫിലെ 1

31 ഹെബ്രാ 1-13
യാക്കോ 1-5
1 പത്രോ 1-5
2 പത്രോ 1-3
1 യോഹ 1-5
2 യോഹ 1
3 യോഹ 1
യൂദാ 1
വെളി 1-22

# തിരുവചനമണിക്കൂർ

(സമ്പൂർണ ബൈബിൾ 100 ഭാഗങ്ങളിൽ)

സമ്പൂർണ്ണ ബൈബിൾ 100 പേർ ചേർന്ന് ഒരു മണിക്കൂർ കൊണ്ട് പാരായണം ചെയ്യുവാൻ സാധിക്കുംവിധം തിരുവചനമണിക്കൂർ ക്രമപ്പെടുത്തിയിരിക്കുന്നു.

1. ഉത്പത്തി 1-15
2. ഉത്പത്തി 16-28
3. ഉത്പത്തി 29-40
4. ഉത്പത്തി 41-50
5. പുറപ്പാട് 1-13
6. പുറപ്പാട് 14-26
7. പുറപ്പാട് 27-40
8. ലേവ്യർ 1-14
9. ലേവ്യർ 15-27
10. സംഖ്യ 1-10
11. സംഖ്യ 11-22
12. സംഖ്യ 23-36
13. നിയമാവർത്തനം 1-9
14. നിയമാവർത്തനം 10-22
15. നിയമാവർത്തനം 23-34
16. ജോഷ്വ 1-12
17. ജോഷ്വ 13-23
18. ന്യായാധിപന്മാർ 1-10
19. ന്യായാധിപന്മാർ 11-21
20. റൂത്ത് 1-1 സാമുവൽ 8
21. 1 സാമുവൽ 9-20
22. 1 സാമുവൽ 21-31
23. 2 സാമുവൽ 1-12
24. 2 സാമുവൽ 13-24
25. 1 രാജാക്കന്മാർ 1-10
26. 1 രാജാക്കന്മാർ 11-22
27. 2 രാജാക്കന്മാർ 1-13
28. 2 രാജാക്കന്മാർ 14-25
29. 1 ദിനവൃത്താന്തം 1-14
30. 1 ദിനവൃത്താന്തം 15-29
31. 2 ദിനവൃത്താന്തം 1-14
32. 2 ദിനവൃത്താന്തം 15-28
33. 2 ദിനവൃത്താന്തം 29-36
34. എസ്രാ 1-10
35. നെഹെമിയ 1-13
36. തോബിത് 1-14
37. യൂദിത്ത് 1-16
38. എസ്തേർ 1-11
39. 1 മക്കബായർ 1-8
40. 1 മക്കബായർ 9-16
41. 2 മക്കബായർ 1-8
42. 2 മക്കബായർ 9-15
43. ജോബ് 1-15
44. ജോബ് 16-30
45. ജോബ് 31-42
46. സങ്കീർത്തനങ്ങൾ 1-22

47. സങ്കീർത്തനങ്ങൾ 23-37
48. സങ്കീർത്തനങ്ങൾ 38-64
49. സങ്കീർത്തനങ്ങൾ 65-82
50. സങ്കീർത്തനങ്ങൾ 83-105
51. സങ്കീർത്തനങ്ങൾ 106-119
52. സങ്കീർത്തനങ്ങൾ 120-150
53. സുഭാഷിതങ്ങൾ 1-16
54. സുഭാഷിതങ്ങൾ 17-31
55. സഭാപ്രസംഗകൻ+ഉത്തമഗീതം
56. ജ്ഞാനം
57. പ്രഭാഷകൻ 1-14
58. പ്രഭാഷകൻ 15-27
59. പ്രഭാഷകൻ 28-40
60. പ്രഭാഷകൻ 41-51
61. ഏശയ്യ 1-17
62. ഏശയ്യ 18-33
63. ഏശയ്യ 34-49
64. ഏശയ്യ 50-66
65. ജറെമിയ 1-12
66. ജറെമിയ 13-26
67. ജറെമിയ 27-40
68. ജറെമിയ 41-52
69. വിലാപങ്ങൾ + ബാറൂക്ക്
70. എസെക്കിയേൽ 1-15
71. എസെക്കിയേൽ 16-25
72. എസെക്കിയേൽ 26-37
73. എസെക്കിയേൽ 38-48
74. ദാനിയേൽ 1-6
75. ദാനിയേൽ 7-14
76. ഹോസിയ + ജോയേൽ
77. ആമോസ്-മിക്കാ
78. നാഹും-ഹഗ്ഗായി
79. സഖറിയാ + മലാക്കി
80. മത്തായി 1-10
81. മത്തായി 11-21
82. മത്തായി 22-28
83. മര്‍ക്കോ സ് 1-9
84. മര്‍ക്കോ സ് 10-16
85. ലൂക്കാ 1-8
86. ലൂക്കാ 9-17
87. ലൂക്കാ 18-24
88. യോഹന്നാൻ 1-11
89. യോഹന്നാൻ 12-21
90. അപ്പ. പ്രവർത്തനങ്ങൾ 1-10
91. അപ്പ. പ്രവർത്തനങ്ങൾ 11-19
92. അപ്പ. പ്രവർത്തനങ്ങൾ 20-28
93. റോമാ
94. 1 കോറിന്തോസ്
95. 2 കോറിന്തോസ്
96. ഗലാത്തിയാ > കൊളോസോസ്
97. 1 തെസലോനിക്കാ >ഫിലെമോൻ
98. ഹെബ്രായർ > യാക്കോബ്
99. 1 പത്രോസ് > യൂദാസ്
100. വെളിപാട്

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

- Start your Nursing career in Germany with Ausbildung for March 2025 intake.
- Excellent opportunity for students to pursue studies abroad. Apply for 2025 intake
- Applications open for Australia, Germany, Canada, New Zealand, UK, Ireland and European destinations.
- IELTS offline & online classes available. (New batches on all Mondays).

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ്‌ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ഉടൻ ആരംഭിക്കുന്നു. ഓഫ്‌ലൈൻ ആയും ഓൺലൈൻ ആയും പഠിക്കാവുന്നതാണ്.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9544919144 , 9072919144**

- **2024 ഡിസംബർ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻകോഴ്സ് പുതിയഓഫ്‌ലൈൻബാച്ചുകൾ (A1, A2) ഡിസംബർ 2 ന് ആരംഭിക്കുന്നു.
2. സ്പാനിഷ്കോഴ്സ്പുതിയഓൺലൈൻ ബാച്ച് (A1) ഡിസംബർ 17 ന് ആരംഭിക്കുന്നു
3. സിവിൽസർവീസ്റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2024-2025).
4. സിവിൽ സർവീസ് ഔട്ട് റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **2024 December Programs**

1. UGC NET /JRF PAPER I& PAPER II -Offline (Batch for 2025 JUNE exam)
2. BANK(IBPS, PO, CLERK, SO) - offline (new admission all Mondays)
3. SSC (CGL, CHSL, MTS) - offline (new admission all Mondays)
4. CUET (Common University Entrance Test) Online & Offline regular batch
5. RAILWAY RECRUITMENT BOARD
   - Graduate level (new admission all Mondays)
   - Undergraduate level (new admission all Mondays)
6. C MAT, K-MATOffline (Admission for next Exams)
7. PSC Secretariat Assistant (admission started)
8. IELTS Regular Offline & Online (All Mondays new batch)
9. PTE (Pearson Test of English)- Regular Offline & Online (All Mondays new batch)
10. COMMUNICATIVE ENGLISH - Regular Offline & Online (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചുവരുന്ന Naipunnya International Angamaly Branch ൽ നിന്നും നിരവധി കുട്ടികൾ വിദേശവിദ്യാഭ്യാസം സാധ്യമാക്കിവരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ബിഷപ്പ് ബോസ്കോ പുത്തൂർ

### ഒക്ടോബർ 2024

9 ആലോചനാ സമിതിയുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

14 ചേർത്തല ഗ്രീൻ ഗാർഡൻസിൽ, സി. എമിലിയാമ്മ ASMI-യുടെ മൃതദേഹം പൊതുദർശനത്തിനുവച്ച വേളയിൽ ഒപ്പീസ് ചൊല്ലി.

20 കോട്ടയം റിഡംപ്റിസ്റ്റ്സ് സെമിനാരിയിൽ മൂന്ന് ഡീക്കന്മാർക്ക് വൈദിക പട്ടം നൽകി.

24 മേവള്ളൂരിൽ ബഹുമാനപ്പെട്ട ജോർജ് പുത്തൻപുര അച്ചന്റെ മൃതദേഹം ഭവനത്തിൽ പൊതുദർശനത്തിനുവച്ച വേളയിൽ മൃതസംസ്കാരത്തിന്റെ ആദ്യഭാഗത്തെ കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

26 ഉച്ചകഴിഞ്ഞ്, അർത്തുങ്കൽ പള്ളി-കൃപാസനം - അഖണ്ഡ ജപമാല മഹാറാലിയുടെ സമാപനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

31 ചങ്ങനാശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്ത മാർ തോമസ് തറയില്ന്റെ സ്ഥാനാരോഹണചടങ്ങിൽ സംബന്ധിച്ചു.

### നവംബർ 2024

9 തലശ്ശേരി സെമിനാരി സന്ദർശിച്ച് പാരന്റ്സ് ഡേയിൽ സംബന്ധിച്ചു.

10 കണ്ണൂർ രൂപതാ മെത്രാൻ ഡെന്നീസ് കുറുപ്പശ്ശേരിയുടെ സ്ഥാനാരോഹണചടങ്ങിൽ പങ്കെടുത്തു.

14-25 മെൽബൺ രൂപത സന്ദർശിച്ചു.

* * * * *

# വിഷയ സൂചിക 2024


| വിഷയങ്ങൾ | ലക്കം | പേജ് |
|---|---|---|
| **മാർപാപ്പയുടെ സന്ദേശങ്ങൾ** | | |
| – ലോക സമാധാനദിനാചരണം | 1 | 5 |
| – എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് പ്രത്യേകമായി നൽകിയ സന്ദേശം (07/12/2023) | 1 | 22 |
| – ലോക രോഗീദിനസന്ദേശം | 2 | 5 |
| – മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിലിന്റെ തെരഞ്ഞെടുപ്പിനുള്ള അംഗീകാരം | 2 | 18 |
| – നോമ്പുകാല സന്ദേശം | 3 | 5 |
| – HOLY CHRISM MASS | 4 | 5 |
| – ഇടവക വൈദികർക്കുള്ള കത്ത് | 6 | 8 |
| – സീറോമലബാർ സഭാസമൂഹത്തോട് ഫ്രാൻസിസ് പാപ്പ നടത്തിയ പ്രസംഗം | 6 | 14 |
| – PAPAL BULL: *SPES NON CONFUNDIT* | 6 | 20 |
| – ലോക പ്രേഷിതദിന സന്ദേശം | 10 | 11 |
| **മൗണ്ട് സെന്റ് തോമസ്, കാക്കനാട്** | | |
| – മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ സീറോമലബാർ സഭാ അഡ്മിനിസ്ട്രേറ്റർ | 1 | 29 |
| – സർക്കുലർ (1208/2023) മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് | 1 | 30 |
| – ഏകീകൃത കുർബാന അതിരൂപതയിൽ നടപ്പിലാക്കാനുള്ള സിനഡ് പിതാക്കന്മാരുടെ അഭ്യർത്ഥന | 2 | 22 |
| – വിരമിക്കൽ സന്ദേശം - കർദിനാൾ ജോർജ് ആലഞ്ചേരി | 2 | 26 |
| – ഇടയലേഖനം - മേജർ ആർച്ചുബിഷപ് | 3 | 12 |
| – ഇടയലേഖനം - ദുക്റാനാതിരുനാൾ | 7 | 5 |
| – 5-ാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി | 8 | 6 |
| – സിനഡനന്തര സർക്കുലർ | 10 | 5 |

**കെ.സി.ബി.സി. സർക്കുലർ/സന്ദേശം (പി.ഒ.സി.)**

| | | | |
|---|---|---|---|
| - | തിരുബാലസഖ്യദിനം | 2 | 9 |
| - | മദ്യവിരുദ്ധ ഞായർ | 2 | 14 |
| - | മെയ്ദിന സന്ദേശം | 4 | 14 |
| - | തടവറ ശുശ്രൂഷാഞായർ | 8 | 11 |
| - | ജസ്റ്റിസ് സൺഡേ | 8 | 17 |
| - | ബൈബിൾ പാരായണ മാസം | 12 | 7 |

**സർക്കുലർ/സന്ദേശം (അതിരൂപത)**

| | | | |
|---|---|---|---|
| - | സർക്കുലർ: 05/2023, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ആൻഡ്രൂസ് താഴത്ത് - വിരമിക്കൽ സന്ദേശം | 1 | 35 |
| - | അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ നിയമനം - ഡിക്രി | 1 | 41 |
| - | ഏകീകൃത കുർബാന സംബന്ധിച്ച് ഓറിയന്റൽ കോൺഗ്രിഗേഷനിൽ നിന്നും നൽകിയ കത്ത് | 1 | 42 |
| - | പൊന്തിഫിക്കൽ ഡലഗേറ്റ് ആർച്ചുബിഷപ്പ് സിറിൾ വാസിൽ, എസ്.ജെ. -ന്റെ കത്ത് | 1 | 43 |
| - | സർക്കുലർ: 06/2023 - അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ | 1 | 46 |
| - | സർക്കുലർ: 01/2024 - പുതിയ മേജർ ആർച്ചുബിഷപ് | 2 | 19 |
| - | സർക്കുലർ: 02/2024 - ഏകീകൃത വിശുദ്ധ കുർബാന | 2 | 21 |
| - | സർക്കുലർ: 03/2024 - വിശ്വാസപരിശീലന വർഷം | 6 | 5 |
| - | സർക്കുലർ: 04/2024 - ഏകീകൃത കുർബാന - മേജർ ആർച്ചുബിഷപ് & അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ - സംയുക്ത സർക്കുലർ | 7 | 15 |
| - | Ref. No. 5/2024: സിനഡനന്തര അറിയിപ്പ് | 7 | 11 |
| - | Ref. No. 6/2024: വിശദീകരണ കുറിപ്പ് | 8 | 10 |
| - | സർക്കുലർ: 07/2024 - വയനാടിന് ഒരു കൈത്താങ്ങ് | 8 | 5 |
| - | ഡീക്കന്മാരുടെ വൈദികപട്ടം സംബന്ധിച്ച് | 10 | 20 |
| - | Ref. No. 8/2024: അറിയിപ്പ് (അതിരൂപതാ പ്രതിസന്ധി) | 11 | 10 |
| - | Ref. No. 9/2024: അറിയിപ്പ് (അതിരൂപതാ പ്രതിസന്ധി) | 11 | 8 |
| - | സർക്കുലർ: 07/2024 - അതിരൂപത | 11 | 5 |
| - | ക്രിസ്മസ് സന്ദേശം - മാർ ബോസ്കോ പുത്തൂർ | 12 | 5 |

**Metropolitan Tribunal**: 2 35

**കച്ചേരിക്കാര്യം:** 1 (48), 2 (30), 3 (21), 4 (19), 5 (5), 6 (39), 7 (21), 8 (22), 9 (5), 10 (27), 11 (12), 12 (11)

- **TRANSFERS / APPOINTMENTS:** 4 (19), 7 (21), 8 (23), 10 (27), 11 (12), 12 (11)
- അമ്പത് നോമ്പാചരണം/വിവാഹാശീർവാദം 2 30
- വൈദികരുടെ സ്ഥലംമാറ്റം 2 31
- പ്രോവിൻസ് കൂരിയ മീറ്റിംഗ് 3 24
- വൈദികരുടെ വാർഷികധ്യാനം 5 (5), 6 (40), 9 (5)
- 12A/12AA രജിസ്ട്രേഷൻ 5 15
- വിയാനി ഡേ 2024 8 22

**അറിയിപ്പുകൾ**

- കാറോസൂസ - അതിരൂപതാ അഡ്മിനിസ്ട്രേറ്റർ 1 48
- കാറോസൂസ - പുതിയ മേജർ ആർച്ചുബിഷപ്പ് 2 31
- ജൂബിലി മംഗളങ്ങൾ 1 49
- നാമഹേതുക തിരുനാൾ 1 (48), 4 (19), 6 (40)
- ചരമവാർഷികം 1 (60), 2 (29), 3 (19-20), 4 (24), 12 (13)
- അതിരൂപതാദിനം 6 39
- ദേവാലയശുശ്രൂഷികളുടെ ധ്യാനം 8 23
- വയനാട് പുനരധിവാസ പദ്ധതി 8 5

- അഭിനന്ദനങ്ങൾ/അനുമോദനങ്ങൾ

  ഫാ. വർഗീസ് (ലാൽ) തൊട്ടിയിൽ 3 (21), ഫാ. ആന്റണി (ടോണി) കല്ലൂക്കാരൻ 7 (22), ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ഫാ. ജോഷി പുതുവ, ഫാ. സൈമൺ പള്ളുപ്പെട്ട, ഫാ. ജിസ്മോൻ ആരമ്പിള്ളി 11 (13)

- നന്ദി

  ഫാ. വർഗീസ് പൊട്ടയ്ക്കൽ, മോൺ. ആന്റണി പെരുമായൻ, ഫാ. മാർട്ടിൻ കല്ലുങ്കൽ, ഫാ. പോൾ മാടശ്ശേരി, ഫാ. സോണി മഞ്ഞളി, ഫാ. പിന്റോ പുന്നയ്ക്കൽ 11 (14)

**പുതിയ ഭാരവാഹികൾ**

- DCPB - Mariya Sadan, Vennala 2 32
- SJSM - Sanjo Province, Vengoor 2 32
- Schoenstatt Fathers (ISch) 3 22
- CHF - Jeevodaya Province, Aluva 3 22
- Deivadan Sisters (DDS), Malayattoor 3 23
- DSH - India Province, Keezhmad 3 23
- SD, St. Mary's Province, Chunangamvely 3 23
- CST Brothers - Sacred Heart Province, Thrikkakara 6 43
- MSJ - Nirmala Province, Chunangamvely 8 30

**വാർത്തകളും വിശേഷങ്ങളും:** 1 (57), 2 (33), 3 (24), 4 (31), 5 (14), 6 (41), 7 (23), 8 (31), 9 (11), 10 (28), 11 (18), 12 (13)

**പ്രാത്ഥനയിൽ അനുസ്മരിക്കാൻ:** പേജ് 4.

**നിര്യാതരായി:** 1 (50) **ഫാ. ജോസ് പോൾ നെല്ലിശ്ശേരി**, 2 (34), 3 (26), **ഫാ. ജോൺ പൊള്ളേച്ചിറ** 4 (25), 5 (16), 6 (43), **ഫാ. തോമസ് പാറേക്കാട്ടിൽ** 8 (24), **ഫാ. ജോസഫ് പുതുശ്ശേരി** 9 (6), 10 (31), **ഫാ. ജോർജ് പുത്തൻപുര** 11 (15), 12 (15)

## AICO - (Archdiocesan Institutions' Central Office)

– 1 (64), 2 (41), 3 (32), 4 (42), 5 (23), 6 (44), 7 (32), 8 (37), 9 (12), 10 (31), 11 (26), 12 (20)

**വിശ്വാസ പരിശീലന കേന്ദ്രം:** 1 (61), 2 (36), 3 (27), 4 (32), 5 (29), 6 (45), 7 (25), 8 (32), 9 (13), 10 (32), 11 (20), 12 (16)

**ഫാമിലി അപ്പോസ്റ്റലേറ്റ്:** 1 (63), 2 (38), 3 (31), 4 (38), 5 (19), 6 (47), 7 (29), 8 (35), 9 (15), 10 (33), 11 (25), 12 (19)

**സഹൃദയ (സോഷ്യൽ സർവ്വീസസ്):** 1 (65), 2 (42), 3 (37), 4 (44), 5 (24), 6 (53), 7 (33), 8 (40), 9 (17), 10 (35), 11 (29), 12 (21)

**നൈപുണ്യ ഇന്റർനാഷണൽ:** 1 (69), 2 (47), 3 (33), 4 (40), 5 (20), 6 (49), 7 (37), 8 (47), 9 (21), 10 (40), 11 (33), 12 (32)

**കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി:** 2 (39), 5 (22), 6 (56), 7 (27), 8 (45), 9 (23), 10 (42)

**ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ്:** 2 (49), 3 (35), 5 (18)

**ബൈബിൾ അപ്പോസ്റ്റലേറ്റ്:** 1 (59), 2 (49), 3 (36), 5 (17), 8 (38), 11 (27), 12 (25)

**ഫാമിലി യൂണിറ്റ്സ് & പാരിഷ് റിന്യൂവൽ:** 2 (52), 5 (19), 6 (51)

**സ്നേഹശുശ്രൂഷാലയം (ചിറ്റൂർ):** 4 (43), 5 (28)

**കെ.സി.എസ്.എൽ:** 8 (46), 9 (23)

**കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്:** 2, (40), 10 (43)

**അതിരൂപതാ ഡയറി:** 1 (71), 2 (53), 3 (39), 4 (47), 5 (32), 6 (57), 7 (39), 8 (49), 9 (24), 10 (44), 12 (34)

**വിഷയസൂചിക:** 12 (35)

* * * * *


HAPPY
New Year
2025

RNI No. 3421/57
Date of Publication: 01-12-2024

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM

## എറണാകുളം – അങ്കമാലി അതിരൂപതയുടെ നവവൈദികർക്ക് ആശംസകൾ (2023 – 24)



Fr. Alexis (Alex) Thejus



Fr. Antony (Albin)
Vellanjiyil



Fr. John (Cyril)
Palackal



Fr. Joseph (Cyril)
Kunnekkadan



Fr. Joseph (Lijo)
Kuriyedan



Fr. Varghese (Alvin)
Keezhathara



Fr. Varghese (Dinto)
Manickathan



Fr. Varghese (Saneesh)
Koikkara

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

Editor: Fr. Biju Varghese.

www.ernakulamarchdiocese.org